കരകൗശല മേഖലയിൽ എഴുപതുശതമാനം കേന്ദ്രസഹായത്തോടെ അർബൻ ഹാത്ത് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഈറ്റ/മുള വികസനത്തിനു വേണ്ടിയും പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

കയർ മേഖലയിൽ ഗവേഷണവും വികസനവും, കയർ പിത്ത് ഉപയോഗിച്ചുള്ള ഊർജ്ജ ഉൽപാദനവും മലിനീകരണ നിയന്ത്രണവും, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പരിശീലനവും മാനേജ്മെന്റ് വികസനവും, ഉദ്യമ കർത്താക്കൾക്കു മാർജിൻ മണി വായ്പ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൈത്തറി മേഖലയിൽ സാങ്കേതിക വിദ്യ പ്രദാനം ചെയ്യൽ, നിലവാരം ഉയർത്തൽ എന്നിവ ലക്ഷ്യമാക്കി ദീൻദയാൽ കൈത്തറി വികസന പദ്ധതി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, സ്കിൽ അപ്ഗ്രഡേഷൻ സ്കീം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്.

ഫറോക്ക് മേഖലയിലെ വ്യവസായ—തൊഴിൽ പ്രതിസന്ധി

27 [1166] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഇൻഡസ്ട്രിയൽ ബെൽറ്റായ ഫറോക്ക് മേഖലയിലെ വ്യവസായ തൊഴിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ തൊഴിൽ പ്രതിസന്ധി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളികൾ ഫറോക്ക് സബ് രജിസ്ട്രാർ ഓഫീസ് ഉപരോധിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പ്രതിസന്ധിക്ക് പരിഹാരം കാണാൻ ചർച്ച നടത്താൻ തയ്യാറാകുമോ;

(ഇ) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ സർക്കാർ മുൻപാകെയുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനമായും പ്രതിസന്ധി നേരിടുന്നത് ഓട് വ്യവസായ രംഗത്താണ്. കാലാനുസൃതമായ ആധുനികവൽക്കരണവും വൈവിദ്ധ്യവൽക്കരണവും ഘട്ടംഘട്ടമായി നടപ്പിലാക്കി ഈ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനുമുമ്പ് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മുതലായവയിലെ ആധുനികവൽക്കരണത്തിനും പ്രത്യേക പദ്ധതികളായ ക്ലസ്റ്റർ ഡവലപ്പ്മെന്റ്, മാർക്കറ്റിംഗ് അസിസ്റ്റന്റ്, നിക്ഷേപ സബ്സിഡി, മറ്റുവിവിധ ക്ഷേമപദ്ധതികളായ ഹെൽത്ത് പാക്കേജ്, കോൺട്രിബ്യൂട്ടറി ട്രിഫ്റ്റ് ഫണ്ട്, ഗ്രൂപ്പ് ഇൻഷുറൻസ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ പരമ്പരാഗത വ്യവസായ പുരോഗതിക്ക് പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഫുഡ് പ്രോസസിംഗ് യൂണിറ്റുകളും ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകളും

28 [1167] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ വി. ഡി. സതീശൻ:
„ വർക്കല കഹാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ കിൻഫ്ര പാർക്കുകളിൽ പ്രവർത്തിക്കുന്നവ എത്ര;

(സി) സംസ്ഥാനത്തെ ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നത്;

(ഡി) അവയ്ക്ക് ആവശ്യമുള്ള അസംസ്കൃത പഴവർഗ്ഗങ്ങൾ എവിടെ നിന്നാണ് സംഭരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ചെറുകിട വ്യവസായ മേഖലയിൽ 12804 ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി നാല് ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു. മൂന്ന് യൂണിറ്റുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ പത്താം പഞ്ചവൽസര പദ്ധതിപ്രകാരം ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതുതായി വ്യവസായം തുടങ്ങുന്നതിനോ, നവീകരിക്കുന്നതിനോ, വികസിപ്പിക്കുന്നതിനോ വേണ്ടി ഗ്രാന്റ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly